"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിത മിത്രം - സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പ്രവർത്തന മാർഗ്ഗരേഖ - ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2231/2023/LSGD തീയതി,തിരുവനന്തപുരം, 12-11-2023

പരാമർശം:- 1. സ.ഉ(സാധാ) നം.2341/2022/LSGD തീയതി, 26-09-2022

**<u>ഉത്തരവ്</u>**

ഹരിത മിത്രം ആപ്ലിക്കേഷന്റെ പ്രവർത്തന മാർഗ്ഗരേഖ പരാമർശം പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ 'ചുമതലകൾ' എന്ന ശീർഷകത്തിൽ താഴെ ചേർത്തിരിക്കുന്ന കൂട്ടി ചേർക്കലുകളോടെ മാർഗ്ഗരേഖ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**ചുമതലകൾ**

**1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

- ആപ്ലിക്കേഷൻ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ നിർവ്വഹണം, മേൽനോട്ടം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സെക്രട്ടറിക്ക് ആയിരിക്കും.
- ഹരിതമിത്രം ആപ്പിലൂടെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രതിദിനം ചാർജ് ഓഫീസർ നിരീക്ഷിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണം
- ഹരിത മിത്രം ആപ്ലിക്കേഷൻ വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്ഥാപന തല സെക്രട്ടറി ആഴ്ചയിൽ ഒരിക്കൽ റിപ്പോർട്ടുകൾ അവലോകനം ചെയ്യേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട നടപടികൾക്കായി ബന്ധപെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകേണ്ടതാണ്.
- ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ജനറേറ്റ് ചെയ്യപ്പെടുന്ന റിപ്പോർട്ടുകൾ അടിസ്ഥാനപ്പെടുത്തി സമ്പൂർണ്ണ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ ഗ്യാപ്പ് നികത്തുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ വാർഡ് മെമ്പർമാർക്ക് നൽകേണ്ടതാണ്
- മാലിന്യ ശേഖരണം, കൈയ്യൊഴിയൽ, യൂസർഫീ ശേഖരണം എന്നിവ സമ്പൂർണമായി ഹരിതമിത്രം ആപ്ലിക്കേഷൻ വഴിയായിരിക്കണം. ഇക്കാര്യം സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്

- ആപ്പിന്റെ പ്രവർത്തനങ്ങളിൽ സാങ്കേതിക തടസ്സങ്ങൾ നേരിട്ടാൽ ബന്ധപ്പെട്ട ഏജൻസികളുടെ സേവനം യഥാസമയം പ്രയോജനപ്പെടുത്തി പ്രവർത്തനക്ഷമമാക്കണം

2. **ശുചിത്വ മിഷൻ**

- ഹരിത മിത്രം ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്ന ഡാറ്റകളുടെ അടിസ്ഥാനത്തിൽ കൃത്യമായ റിപ്പോർട്ടുകൾ തയ്യാറാക്കി, തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് മുഖാന്തിരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ നിർദ്ദേശം നൽകുക

- സ്ഥിതിവിവരക്കണക്കുകളുടെ വിശകലനവും തുടർപഠനങ്ങളും നടത്തി സർക്കാരിനു മാലിന്യ സംസ്കരണ രംഗത്ത് നയപരമായ തീരുമാനങ്ങളും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ശുപാർശകൾ സമർപ്പിക്കുക.

- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിനും ആവശ്യമായ റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുക, തയ്യാറാക്കി നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിനു നടപടികൾ സ്വീകരിക്കുന്നതിനു ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുക.

- ഹരിതമിത്രം ആപ്ലിക്കേഷൻ കെൽട്രോണിൽ നിന്ന് IKM ന് കൈമാറുന്നതിന് തയ്യാറാക്കുന്ന പ്രവർത്തന മാർഗ്ഗരേഖ പ്രകാരമുള്ള ചിലവുകൾ IKM ന് നൽകുക.

- ഹരിതമിത്രം ആപ്ലിക്കേഷനിൽ നിന്നും ആവശ്യമായ ഡാറ്റകളും റിപ്പോർട്ടുകളും വിവിധ തലത്തിലുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാകുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുക.

3. **കെൽട്രോൺ**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയോഗിച്ചിട്ടുള്ള ഹരിതകർമ്മ സേന അംഗങ്ങൾക്ക് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് കൃത്യമായ ട്രെയിനിംഗ് കരാർ കാലാവധിക്കുള്ളിൽ നൽകുക.

- ലഭ്യമായ ഡാറ്റകളെ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്/ ശുചിത്വ മിഷൻ ആവശ്യപ്പെടുന്ന പക്ഷം കൃത്യമായ റിപ്പോർട്ട് ജനറേറ്റ് ചെയ്ത് നൽകുക.

- ഹരിതമിത്രം ആപ്ലിക്കേഷൻ പരിപാലനത്തിനാവശ്യമായ പരിശീലനം ഇൻഫർമേഷൻ കേരള മിഷന്റെ ജില്ലാ-ബ്ലോക്ക്തല ഉദ്യോഗസ്ഥർക്ക് കെൽട്രോൺ നൽകുക.

- ഹരിതമിത്രം ആപ്ലിക്കേഷനിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കരാർ കാലാവധിയിൽ/എ.എം.സി. കാലയളവിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക

- കരാർ പ്രകാരമുള്ള കോൾ സെൻറർ ഫെസിലിറ്റി സജ്ജമാക്കലും പ്രവർത്തിപ്പിക്കലും.

4. **ഇൻഫോർമേഷൻ കേരള മിഷൻ**

- കെൽ ട്രോണിന്റെ ആറ് മാസ കരാർ കാലാവധി അവസാനിക്കുന്ന മുറക്ക് തുടർനടത്തിപ്പും പരിപാലനവും ഏറ്റെടുക്കുക. അതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിപാലനത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുക. (ഇതിനാവശ്യമായ കർമ്മപദ്ധതി കെൽട്രോണുമായി മുൻകൂട്ടി ചർച്ചചെയ്തു തയ്യാറാക്കേണ്ടതാണ്)

- പ്രവർത്തന വിവര വിശകലനത്തിനും, അവലോകനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായങ്ങൾ നൽകുക.

- ആപ്ലിക്കേഷന്റെ കൃത്യമായ ഉപയോഗവും വിശകലനവും ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്റ്റേക് ഹോൾഡർമാർക്ക് പരിശീലനം നൽകി കാര്യശേഷി വർധിപ്പിക്കുക.

5. **പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (തദ്ദേശ സ്വയംഭരണ വകുപ്പ്)**

- ഹരിതമിത്രം ആപ്ലിക്കേഷന്റെ സംസ്ഥാന തല കസ്റ്റോഡിയൻ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിതമിത്രം ആപ്പ് വഴിയാണ് മാലിന്യ സംസ്കരണ രംഗത്തെ സേവനം വീടുകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നതെന്ന് ഉറപ്പാക്കുക

- കാൾ സെൻറർ ഫെസിലിറ്റി പ്രവർത്തിപ്പിക്കുക

- ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ ഹരിത മിത്രം ആപ്പുമായി ബന്ധപെട്ട പ്രവർത്തനങ്ങളുടെ ഏകോപനം

- ഹരിതമിത്രം ആപ്പിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിവാര അവലോകനം നടത്തുക

- ഹരിതമിത്രം ആപ്പിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തന ഏകോപനം നടത്താത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കൽ

- ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ നിർദ്ദേശങ്ങൾ നൽകുക അഥവാ പീരിയോഡിക്കൽ റിപ്പോർട്ടിംഗ്

- ഹരിതമിത്രം ആപ്പ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ന്യൂനതകൾ, പ്രതിസന്ധികൾ സമയബന്ധിതമായി പരിഹരിക്കൽ.

2. മേൽ പറയുന്ന ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ , കില
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
മിഷൻ ഡയറക്ടർ അമൃത്
മാനേജിംഗ് ഡയറക്ടർ ,ഇംപാക്ട് കേരള
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 13-11-2023 11:14:20
സെക്ഷൻ ഓഫീസർ